# എല്ലാ കാര്യങ്ങൾക്കും നന്ദി പ്രകാശിപ്പിക്കുവിൻ

സന്തോഷ് കരുമത്ര

ചില വ്യക്തികൾ പറയാറുണ്ട്: ഞങ്ങൾ പ്രാർത്ഥിക്കുന്നുണ്ട്, ദൈവത്തെ മഹത്വപ്പെടുത്തുന്നുണ്ട്, കൂദാശകൾ സ്വീകരിക്കുകയും കർത്താവിന്റെ വചനത്തെ കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, പലപ്പോഴും ദൈവം നൽകുന്ന നന്മകളെ സ്വീകരിക്കുവാനും ദൈവാനുഗ്രഹത്തെ സ്വന്തമാക്കാനും ഞങ്ങൾക്ക് സാധിക്കുന്നില്ല. എന്തുകൊണ്ടാണ് പലപ്പോഴും ഞങ്ങളുടെ ജീവിതങ്ങളിൽ കർത്താവിന്റെ നന്മകളും പ്രവൃത്തിയും വെളിപ്പെടാതെ പോകുന്നത്. ഒത്തിരിയേറെ വ്യക്തികൾ ഇതുപോലെ ഭാരപ്പെട്ട് ചിന്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. വചനം പറയുന്നു: എപ്പോഴും എല്ലാറ്റിനും വേണ്ടി നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിന് നിങ്ങൾ കൃതഞ്ജത അർപ്പിക്കുവിൻ. (എഫേ 5 : 20) ഈ തിരുവചനത്തിലൂടെ ഒരു ദൈവപൈതൽ എപ്രകാരമുള്ള വ്യക്തിയായി തീരണം എന്ന് പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നു.

ഇന്ന് പലരുടെയും ജീവിതത്തിൽ കർത്താവിന്റെ പ്രവൃത്തികൾ വെളിപ്പെടാത്തതിന്റെ പ്രധാന കാരണം അവർ എപ്പോഴും എല്ലാറ്റിനും കർത്താവിനോട് നന്ദിയുള്ളവരായി മാറുന്നില്ല എന്നതാണ്. ദൈവം നൽകുന്ന നന്മകളെ പ്രതിയും അനുഗ്രഹങ്ങളെ പ്രതിയും നാം നന്ദി പറയാറുണ്ട്. എന്നാൽ പലപ്പോഴും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന പരാജയങ്ങളെ പ്രതിയോ പ്രതിസന്ധികളെ പ്രതിയോ അനുദിന ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളെ പ്രതിയോ കർത്താവിനോട് നന്ദി പറയുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? പ്രിയ ദൈവമക്കളേ അനുഗ്രഹത്തെ പ്രതിയും സൗഖ്യത്തെപ്രതിയും മാത്രം നന്ദി പറഞ്ഞാൽ പോരാ, നമ്മുടെ ജീവിതത്തിലുണ്ടാകുന്ന വിമർശനങ്ങളെ പ്രതിയും സഹനങ്ങളെ പ്രതിയും കർത്താവിനോട് നന്ദി പറയുന്ന വിധത്തിൽ നമ്മുടെ ആത്മീയ ജീവിതം മാറുവാൻ പരിശുദ്ധാത്മാവ് നമ്മോടാവശ്യപ്പെടുന്നു. യഥാർത്ഥത്തിൽ വിശ്വാസജീവിതത്തിന്റെ വളർച്ച എന്നു പറയുന്നത് ഇതാണ്.

ദൈവത്തിന്റെ നന്മകളും ദൈവീകമായ നടത്തിപ്പും ഇസ്രായേൽ ജനത്തെപ്പോലെ അനുഭവിക്കുവാനും സ്വീകരിക്കുവാനും ഭാഗ്യം ലഭിച്ച മറ്റൊരു ജനത ലോകചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. കാരണം അത്രമാത്രം നന്മകളാണ് ദൈവം തന്റെ ജനത്തിനുവേണ്ടി പ്രവർത്തിച്ചത്. ദൈവം ഇസ്രായേൽ ജനത്തെ വിളിച്ചത് "എന്റെ ജനം" "എന്റെ ഉടമ്പടിയുടെ ജനം" എന്നാണ്. അത്രമാത്രം ദൈവം തന്റെ ജനത്തെ സ്നേഹിച്ചു. പെസഹാ കുഞ്ഞാടിന്റെ രക്തത്തിലൂടെ ഈജിപ്തിന്റെ അടിമത്വത്തിൽ നിന്ന് ദൈവം തന്റെ ജനത്തെ വീണ്ടെടുത്ത് രക്ഷിച്ച് തേനും പാലും ഒഴുകുന്ന വാഗ്ദത്ത നാട്ടിലേക്ക് അവരെ കൊണ്ടുപോയി. മന്നാ പൊഴിച്ചുകൊടുത്ത് അവർക്ക് ഭക്ഷിക്കാനും ദാഹിച്ചപ്പോൾ കരിമ്പാറ കൂട്ടങ്ങളിൽ നിന്ന് ദാഹജലവും മാംസം വേണമെന്ന് നിലവിളിച്ചപ്പോൾ കാടപക്ഷികളെയും അവർക്ക് കൊടുത്തു. രാത്രിയിൽ അഗ്നിസ്തംഭമായും പകൽ മേഘസ്തംഭമായും കർത്താവിന്റെ സാന്നിധ്യം വിട്ടുപിരിയാതെ തന്റെ ജനത്തിന്റെ കൂടെ വ്യാപരിച്ചു. ഇത്രമാത്രം അനുഗ്രഹങ്ങളും നന്മകളും ഇസ്രായേൽ ജനം പങ്കുപറ്റി. 30 ലക്ഷത്തോളം പേരാണ് മോശയുടെ നേതൃത്വത്തിൽ ഈജിപ്തിൽ നിന്ന് ഇറങ്ങി തിരിച്ചത്. എന്നാൽ അവരിൽ ജോഷ്വയും കാലെബും ഒഴികെ മറ്റാരും തന്നെ വാഗ്ദത്ത നാട്ടിൽ കാലുകുത്തിയില്ല. ആ തലമുറ മുഴുവനും മരുഭൂമിയിൽ മരിച്ചുവീണു. ദൈവം നൽകിയ വാഗ്ദാനങ്ങൾ സ്വീകരിക്കുവാൻ ദൈവത്തിന്റെ സ്വന്തം ജനമായ ഇസ്രായേലിന് സാധിക്കാത്തതിനു കാരണം അവരുടെ പിറുപിറുക്കലാണ്.

അവർ പിറുപിറുത്തതുപോലെ നമ്മൾ പിറുപിറുക്കരുത്. പിറുപിറുത്തവരെയെല്ലാം സംഹാരകൻ നശിപ്പിച്ചു കളഞ്ഞു. (1 കൊറി 10 : 10). നമുക്ക് ഇതൊരു പാഠമാകുവാൻ തിരുവചനത്തിൽ പരിശുദ്ധാത്മാവ് എഴുതിവച്ചിരിക്കുന്നു. ഇതുതന്നെയാണ് നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നത്. കർത്താവ് നൽകിയ നന്മകളെ ഓർത്ത് നന്ദി പറയേണ്ടതിനുപകരം പിറുപിറുപ്പിലും പരാതി പറച്ചിലിലും നാം വ്യാപരിക്കുന്നതുകൊണ്ടാണ് യേശുവിലൂടെ ലഭ്യമായ

നന്മകളെ പങ്കുപറ്റുവാൻ നമുക്ക് കഴിയാതെ പോകുന്നത്.

നന്ദി പറയുവാൻ പ്രത്യേക കാലവും സമയവുമൊന്നുമില്ല. ദു:ഖിക്കുന്ന സമയത്തും ആനന്ദിക്കുന്ന സമയത്തും, എല്ലായ്പ്പോഴും നാം കർത്താവിനോട് നന്ദിയുള്ളവരാകണം. എല്ലാ കാര്യങ്ങളെയും പ്രതി നിങ്ങൾ നന്ദിയുള്ളവരായിരിക്കുക. (1 തെസ 5 : 18). ഇതായിരിക്കണം ഓരോ ദൈവപൈതലിന്റെയും മനോഭാവം. പലരുടെയും ജീവിതത്തിൽ കർത്താവിന്റെ സാന്നിധ്യം അഭിഷേകമായി വെളിപ്പെടാത്തതിനു കാരണം പൗലോസ് ശ്ലീഹാ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. അവർ ദൈവത്തെ അറിഞ്ഞിരുന്നുവെങ്കിലും അവിടുത്തെ ദൈവമായി മഹത്വപ്പെടുത്തുകയോ അവിടുത്തേക്ക് നന്ദി പ്രകാശിപ്പിക്കുകയോ ചെയ്തില്ല. മറിച്ച് അവരുടെ യുക്തി വിചാരങ്ങൾ നിഷ്ഫലമായിതീരുകയും വിവേക രഹിതമായ ഹൃദയം അന്ധകാരത്തിൽ ആണ്ടുപോവുകയും ചെയ്തു. (റോമ 1:21)

കർത്താവിനോട് നന്ദിപറയാത്തതിനാൽ ഇന്ന് പലകുടുംബങ്ങളിലും ക്രിസ്തുവിന്റെ സാന്നിധ്യം വെളിപ്പെടുന്നില്ല. പരിശുദ്ധ കന്യകാമാറിയം വിളിച്ചുപറഞ്ഞു: എന്റെ ആത്മാവ് എപ്പോഴും കർത്താവിനെ മഹത്വപ്പെടുത്തുന്നു. നന്ദിയുടെ ആത്മാവിൽ പരിശുദ്ധ അമ്മ വ്യാപരിച്ചു. അവളെ ദൈവം അത്യധികമായി ഉയർത്തി. യേശു എപ്പോഴും തന്റെ പിതാവിനോട് നന്ദിയുള്ളവനായിരുന്നു. യേശു കണ്ണുകൾ ഉയർത്തി പറഞ്ഞു. പിതാവേ അങ്ങ് എന്റെ പ്രാർത്ഥന ശ്രവിച്ചതിനാൽ ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. (യോഹ 11 : 41)

പ്രശ്നങ്ങളിലൂടെ നാം കടന്നുപോകുമ്പോഴാണ് യഥാർത്ഥത്തിൽ നമ്മുടെ മേലുള്ള അഭിഷേകം നമുക്ക് തിരിച്ചറിയാൻ സാധിക്കുന്നത്. പ്രശ്നങ്ങളുടേയും പ്രതിബന്ധങ്ങളുടെയും വിമർശനങ്ങളുടെയും നടുവിൽ നമ്മുടെ ജീവിതത്തിൽ ദൈവം ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇസ്രായേൽ ജനത്തിന്റെ ജീവിതത്തിൽ ദൈവം ചില പ്രതിസന്ധികൾ അനുവദിച്ചു. എന്നാൽ ചെങ്കടൽ വിഭജിച്ചുകൊണ്ട് ദൈവം അവരെ തന്റെ മഹത്വം വെളിപ്പെടുത്തി. തുടർന്ന് മരുഭൂമിയിലൂടെ മൂന്നു ദിവസം യാത്ര ചെയ്ത് അവർ ഷൂർ എന്നു പറയുന്ന പ്രദേശത്ത് എത്തി. അവിടെ മാറാ എന്നു പറയുന്ന സ്ഥലത്ത് വന്നു ചേർന്നു. അവിടുത്തെ വെള്ളം കയ്പുള്ളതായതുകൊണ്ട് അവർക്ക് കുടിക്കുവാൻ സാധിച്ചില്ല. (പുറപ്പാട് 15 : 22). ഈ മാറായുടെ മുമ്പിൽ ദൈവം തന്റെ ജനത്തെ നിറുത്തി. അപ്പോൾ ദൈവത്തോട് നന്ദി പറയേണ്ടതിനു പകരം അവർ പിറുപിറുത്തു. വെള്ളം കിട്ടാതെ മരിക്കുന്നതിനുവേണ്ടിയാണോ ഞങ്ങളെ ഇവിടെ കൊണ്ടുവന്നതെന്ന് പറഞ്ഞ് ദൈവത്തിനെതിരായും മോശയ്ക്കെതിരായും അവർ പിറുപിറുത്തു. അങ്ങനെ ദൈവത്തിന്റെ പരീക്ഷയിൽ ജനം പരാജയപ്പെട്ടു. ചെങ്കടൽ വിഭജിച്ച ദൈവത്തിന്റെ ശക്തി നിമിഷനേരംകൊണ്ട് അവർ മറന്നുപോയി. മാറായുടെ മുമ്പിൽ നിർത്തിയപ്പോഴായിരുന്നു യഥാർത്ഥത്തിൽ ദൈവജനം ദൈവത്തെ മഹത്വപ്പെടുത്തേണ്ടത് . ഇതുപോലെ നമ്മുടെ ജീവിതത്തിലും കയ്പേറിയ അനുഭവങ്ങൾ ഉണ്ടാകും. എത്രമാത്രം വിശുദ്ധിയും വിശ്വസ്തതയും നന്ദിയും ഉള്ളവരാണ് നാം എന്നറിയുന്നതിന് വേണ്ടിയാണ് ഇത്.

അതിനാൽ എല്ലാ സാഹചര്യങ്ങളെയും ഓർത്ത്, ദൈവം നമ്മുടെ ജിവിതത്തിൽ നൽകിയ എല്ലാറ്റിനെയും ഓർത്ത് നാം നന്ദി പറയണം. നന്ദി പറഞ്ഞ്, നന്ദിയുടെ ആത്മാവിൽ വ്യാപരിച്ച്, ഈ കാലഘട്ടത്തിൽ കുറ്റമറ്റ ദൈവമക്കളായി, ക്രിസ്തുവിന്റെ സാന്നിധ്യത്തെ വെളിപ്പെടുത്തുന്ന അഭിഷിക്ത ജിവിതങ്ങളായി, നമ്മുടെ ജീവിതങ്ങൾ മാറ്റപ്പെടുവാൻ വേണ്ടി നമുക്ക് പരിശുദ്ധ അമ്മയോടും വിശുദ്ധരോടും ചേർന്ന് പ്രാർത്ഥിക്കാം.